പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7448** **17.07.2012ൽ മറുപടിയ്ക്ക്**

## പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. ആർ.സെൽവരാജ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കൃഷി നഷ്ടങ്ങൾക്കാണ് ഇത് ബാധകമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?<br><br>(സി) ഇതിനുള്ള പ്രാബല്യം എന്ന് മുതൽക്കാണെന്ന് വെളിപ്പെടുത്തുമോ? | (എ), (ബി) & (സി) വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, കാട്ടുതീ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് സംസ്ഥാന ദുരന്തനിവാരണനിധിയിൽ നിന്ന് നൽകുന്ന നഷ്ടപരിഹാരത്തുകയുടെ തോത് 11.06.12 ലെ സ.ഉ(എംഎസ്) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം 1.04.2012 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് എസ്.ഡി.ആർ.എഫ് മാനദണ്ഡം വഴി നല്കിവരുന്ന നഷ്ടപരിഹാരത്തുകയുടെ തോത് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്

സ.ഉ.(എം.എസ്)നം.239/2012/ഡി.എം.ഡി. തിരുവനന്തപുരം, തീയതി, 11/06/2012

---

പരാമർശം:- 1. സ.ഉ(എം.എസ്)നം.89/2009/ഡി.എം.ഡി തീയതി.16.02.2009
2. സ.ഉ(എം.എസ്)നം.172/2012/ഡി.എം.ഡി തീയതി.28.04.2012

***<u>ഉത്തരവ്</u>***

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും (സംസ്ഥാന ദുരന്ത നിവാരണ നിധി) അനുവദിയ്ക്കാവുന്ന നഷ്ടപരിഹാര തുകയുടെ ,തോത് കാർഷിക വിളകളുടെ പ്രത്യേക ഇനം തിരിച്ച് ,പരാമർശ സർക്കാർ ഉത്തരവ് ഒന്ന് പ്രകാരം നിർണ്ണയിച്ചിരുന്നു. സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഇപ്പോൾ നല്കിവരുന്ന നഷ്ടപരിഹാരത്തിന്റെ തോത് പുനർനിർണ്ണയിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് മന്ത്രിയും കൃഷി വകുപ്പ് മന്ത്രിയും അടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തികൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു.

മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും നല്കിവരുന്ന നഷ്ടപരിഹാരതുകയുടെ തോത് അനുബന്ധം - 1 ൽ പറയുന്ന പ്രകാരം 2012 ഏപ്രിൽ 1 മുതൽ പുനർനിർണ്ണയിച്ചു ഉത്തരവാകുന്നു. അനുബന്ധം - 1 ൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച നിരക്കിലാകും ലഭ്യമാക്കുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ബി വത്സലകുമാരി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളാ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളാ, തിരുവനന്തപുരം
കൃഷി/മൃഗസംരക്ഷണം/മത്സ്യബന്ധന വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ശാസ്ത്ര സാങ്കേതിക വകുപ്പ്
റവന്യൂ (കെ4) സീറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| Crop | Existing Rate as per GO(Ms)89/2009/ DMD | Revision Proposed by the Committee of Ministers |
|---|---|---|
| Paddy (ha) | 4000 | 10000 |
| Coconut (Bearing per no) | 300 | 700 |
| Coconut (not bearing per no) | 100 | 350 |
| Coconut (upto 1 year per no) | 25 | 100 |
| Banana bunched per no | 25 | 100 |
| Banana (non-bunched per no) | 12 | 75 |
| Rubber tapping per no | 60 | 300 |
| Rubber (non tapping per no) | 25 | 200 |
| Cashew (bearing per no) | 60 | 150 |
| Cashew (non bearing above 3/years per no) | 20 | 100 |
| Arecanut bearing per no | 45 | 150 |
| Arecanut (per no non bearing) | 30 | 100 |
| Cocoa (bearing per no) | 30 | 100 |
| Coffee (per no) | 30 | 100 |
| Pepper (bearing per no) | 20 | 75 |
| Ginger (for 10 cents) | 50 | 150 |
| Turmeric (for 10 cents) | 50 | 120 |
| Tapioca (for 25 cents) | 50 | 150 |
| Groundnut (ha) | 750 | 2000 |
| Sesamum | 750 | 1200 |
| Vegetables (for 10 cents) | 50 | 200 |
| Nutmeg (bearing per no) | 100 | 400 |
| Nutmeg (non bearing) | 50 | 150 |
| Clove (bearing per no) | 75 | 200 |
| Clove (non bearing per no) | 25 | 100 |
| Cardamom (ha) | 1500 | 2500 |
| Betel vine (1 cent) | 150 | 300 |
| Pulser (1 ha) | 350 | 1000 |
| Tuber crops (colocasia, yam etc) 10 cents | 50 | 150 |
| Sugarcane (ha) | 1250 | 2500 |
| Pineapple (for 10 cents) | 125 | 750 |
| Fodder grass (gunica congosignal napier 10 cents) | 30 | 150 |
| Mulbery (50 cents) | 125 | 750 |
| Tobacco (10 cents) | 300 | 1500 |
| Cotton (10 cents) | 100 | 300 |